പഠനം

● ഡോ. മാജിദ് അർസാൻ കീലാനി



# ആധുനികവിദ്യാഭ്യാസ തത്ത്വശാസ്ത്രങ്ങൾ ഒരു വിശകലനം

**1970–ന്റെ** തുടക്കത്തിൽ അന്താരാഷ്ട്ര വിദ്യാഭ്യാസ വേദിയായ യുനെസ്കോ അന്നത്തെ ലോകത്തെ വിദ്യാഭ്യാസ പദ്ധതികളെ സമഗ്രമായ പുനരാലോചനക്ക് വിധേയമാക്കാൻ തീരുമാനിക്കുകയുണ്ടായി. പ്രതീക്ഷിത നേട്ടം കാണാതിരുന്നതായിരുന്നു തീരുമാനത്തിന് കാരണമായത്. ഫ്രഞ്ച് മന്ത്രിസഭയുടെ മുൻ അധ്യക്ഷനായിരുന്ന മിസ്യൂ എഡ് ഗാർ ഫോർ തലവനും ഫിലിപ് ഹെററ് (ചിലി), അബ്ദുർറസ്സാഖ് ഖദൂറഃ (സിറിയ), ഹെന്റ്റി ലൂയിസ് (കോംഗൊ), അഥർ എഫ് പിട്രോവ്സ്കി (സോവിയറ്റ് യൂനിയൻ), മജീദ് റഹ്നാമ (ഇറാൻ), ഫ്രെഡറിക് ഷാം പിയോൺ വോർഡ് (യു.എസ്.എ) എന്നിവരായിരുന്നു അംഗങ്ങൾ. സമിതി ഇരുപത്തിമൂന്ന് നാടുകൾ സന്ദർ ശിച്ചു. യുനെസ്കോ ഇരുപത്തിയഞ്ച് വർഷങ്ങൾക്കിടെ സമർപ്പിച്ച പഠനങ്ങൾ പരിശോധിച്ചു. ലോക രാഷ്ട്രങ്ങളിൽനിന്ന് സമർപ്പിക്കപ്പെട്ട എൺപത്തിയൊന്ന് പഠനങ്ങൾ വിശകലനം ചെയ്തു. 1972–ൽ ദൗത്യം പൂർത്തിയാക്കിയ സമിതി തയാറാക്കിയ റിപ്പോർട്ടിന്റെ സംക്ഷിപ്തം യുനെസ്കോ ഉപയോഗിക്കുന്ന വ്യത്യസ്ത ഭാഷകളിൽ തയാറാക്കി അംഗ രാജ്യങ്ങൾക്ക് ലഭ്യമാക്കി. പുതിയ വിദ്യാഭ്യാസ തത്ത്വശാസ്ത്രമനുസരിച്ച് വിദ്യാഭ്യാസ പദ്ധതി തയാറാക്കാൻ വഴികാട്ടി എന്ന നിലയിൽ അത് അംഗീകരിക്കപ്പെട്ടു. 'ആയിരത്തീരാൻ വേണ്ടി പഠിക്കുക' (Learning to Be) എന്നതായിരുന്നു



ആൽഫ്രഡ് നോർത്ത്



മൈക്കിൾ ഡി മോൻഡേജ്

റിപ്പോർട്ടിന്റെ പേര്.

റിപ്പോർട്ടിലെ ഒരു ഭാഗം ഇങ്ങനെ: "വികസിത നാടുകളിൽ നിലവിലുള്ള വിദ്യാഭ്യാസ പദ്ധതി എപ്പോഴും, ചുരുങ്ങിയ പക്ഷം മിക്കപ്പോഴും കൃത്യതയിലും വൈദഗ്ധ്യത്തിലും പിന്നാക്കമാണ്. വ്യക്തികളെ അവരുടെ സാമൂഹിക നിലവാരമനുസരിച്ചാണ് ഉയർന്ന വിദ്യാഭ്യാസത്തിലേക്ക് തെരഞ്ഞെടുക്കുന്നത്. ഈ രീതി തന്നെയാണ് ഇതേ സവിശേഷതകളോടെ മിക്ക പിന്നാക്ക നാടുകളിലും സ്വീകരിക്കപ്പെടുന്നത്. തന്നെയുമല്ല, അവ മാനുഷികവും സാമൂഹികവും സാംസ്കാരികവുമായ സാഹചര്യങ്ങൾക്ക് യോജിക്കുന്നവയുമല്ല.[1]

ആധുനിക വിദ്യാഭ്യാസ തത്ത്വശാസ്ത്രങ്ങളുടെ വേരുകൾ പന്ത്രണ്ടാം നൂറ്റാണ്ടിലെ യൂറോപ്യൻ നവോത്ഥാനത്തിലാണ് ചെന്നു നിൽക്കുന്നത്. ക്രൈസ്തവ ചർച്ചിന്റെ മേൽനോട്ടത്തിലായിരുന്നു ഈ വിദ്യാഭ്യാസ സ്ഥാപനങ്ങൾ പ്രവർത്തനമാരംഭിച്ചത്. തുടർന്നുള്ള നൂറ്റാണ്ടുകളിൽ ഈ മേൽനോട്ടം അമേരിക്കയുൾപ്പെടെ കൂടുതൽ രാജ്യങ്ങളിലേക്ക് വ്യാപിച്ചു. അതുകാരണം വിദ്യാഭ്യാസ പദ്ധതികളും നടത്തിപ്പു രീതികളും മനുഷ്യൻ, പ്രപഞ്ചം, ജീവിതം എന്നിവ സംബന്ധിച്ച ക്രൈസ്തവ സങ്കൽപമനുസരിച്ച് തുടർന്നുപോന്നു. അക്കാലത്തെ വിദ്യാഭ്യാസ പ്രവർത്തനങ്ങളുടെ ദിശ നിർണയിച്ച തത്ത്വശാസ്ത്രം അതായിരുന്നു.[2]

### ആധുനിക വിദ്യാഭ്യാസ തത്ത്വശാസ്ത്രങ്ങളുടെ ഉത്ഭവം

ക്രൈസ്തവ വാദങ്ങൾ ശാസ്ത്രത്തിന്റെ കണ്ടുപിടിത്തങ്ങളുമായി ഏറ്റുമുട്ടാനും ക്രൈസ്തവ മേധാവികൾക്കും ശാസ്ത്രജ്ഞർക്കുമിടയിൽ അഭിപ്രായ വ്യത്യാസം ഉടലെടുക്കാനും തുടങ്ങിയതോടെ ചർച്ചിന്റെ മേൽക്കോയ്മ അവസാനിച്ചുതുടങ്ങി. അതോടെ വിദ്യാഭ്യാസ മേഖലയിൽ പുതിയ പകരങ്ങൾ കണ്ടെത്താൻ വിദ്യാഭ്യാസ വിദഗ്ധർ നിർബന്ധിതരായി. ഇതിന്റെ ഫലമായി, Idealism, Realism എന്നിങ്ങനെ വിദ്യാഭ്യാസ രംഗത്ത് രണ്ട് ധാരകൾ ഉടലെടുത്തു.

**ക്രൈസ്തവ വാദങ്ങൾ ശാസ്ത്രത്തിന്റെ കണ്ടുപിടിത്തങ്ങളുമായി ഏറ്റുമുട്ടാനും ക്രൈസ്തവ മേധാവികൾക്കും ശാസ്ത്രകജ്ഞർക്കുമിടയിൽ അഭിപ്രായ വ്യത്യാസം ഉടലെടുക്കാനും തുടങ്ങിയതോടെ ചർച്ചിന്റെ മേൽക്കോയ്മ അവസാനിച്ചുതുടങ്ങി. അതോടെ വിദ്യാഭ്യാസ മേഖലയിൽ പുതിയ പകരങ്ങൾ കണ്ടെത്താൻ വിദ്യാഭ്യാസ വിദഗ്ധർ നിർബന്ധിതരായി. ഇതിന്റെ ഫലമായി, Idealism, Realism എന്നിങ്ങനെ വിദ്യാഭ്യാസ രംഗത്ത് രണ്ട് ധാരകൾ ഉടലെടുത്തു.**

### ഐഡിയലിസം

ഐഡിയലിസത്തിന്റെ വേരുകൾ പ്ലാറ്റോവിന്റെ കാലം വരെ നീണ്ടുനിൽക്കുന്നു. അത് പിന്നീട് യഹൂദ-ക്രൈസ്തവ ദൈവശാസ്ത്രത്തിന്റെ വർണം സ്വീകരിച്ചു. ലോകത്തിന്റെ മൂലസത്ത ബുദ്ധിയും ചിന്തകളുമാണ്. ചെറുതും വലുതമായ സൃഷ്ടികൾ, രൂപങ്ങൾ അവയുടെ നിഴലുകൾ, കേവല ബുദ്ധി അഥവാ ദൈവത്തിന്റെബുദ്ധി മുതലായവയാണ് യാഥാർഥ്യത്തെയും ചിന്തകളെയും സൃഷ്ടിക്കുന്നത്. ഇതാണ് അറിവിന്റെ അടിസ്ഥാനം. മൂല്യങ്ങൾ മനുഷ്യരൂപത്തിലും പ്രവർത്തനങ്ങളിലും അപൂർണങ്ങളായി പ്രകടമാവുന്നു. ആയതിനാൽ, വിദ്യാഭ്യാസ പ്രക്രിയ ബുദ്ധിയെ പരിശീലിപ്പിക്കുന്നതിലും ആത്മാവിനെ വളർത്തുന്നതിലും ചിന്തകൾ ബലവത്താക്കുന്നതിലും കേന്ദ്രീകരിക്കണം.

മനുഷ്യനെ സംബന്ധിച്ച കാഴ്ചപ്പാടിന്റെ വ്യത്യാസമനുസരിച്ച് ഐഡിയലിസം രണ്ട് ശാഖകളായി പിരിയുന്നു. മനുഷ്യൻ ശരീരവും ബുദ്ധിയുമാണെന്ന് വിശ്വസിക്കുന്ന പ്രഥമ വിഭാഗം. മനുഷ്യൻ ശരീരവും ബുദ്ധിയും ആത്മാവും ചേർന്നതാണെന്ന രണ്ടാം വിഭാഗം. ഒന്നാമത്തെ വീക്ഷണമനുസരിച്ച് മനുഷ്യനിലെ ഏറ്റവും മൂല്യവത്തായ ഘടകം ബുദ്ധിയാണ്. രണ്ടാമത്തേതനുസരിച്ച് ആത്മാവും. ഒന്നാമത്തേതനുസരിച്ച് വിദ്യാഭ്യാസ പ്രക്രിയ ബുദ്ധിയെ പരിശീലിപ്പിക്കലായിരിക്കും. രണ്ടാമത്തേതിൽ ആത്മാവിന്റെ പരിശീലനവും. ഇതനുസരിച്ച് ഐഡിയലിസ്റ്റ് തത്ത്വശാസ്ത്രമനുസരിച്ച് വിദ്യാഭ്യാസ തത്ത്വശാ

**വ്യത്യസ്ത വിദ്യാഭ്യാസ തത്ത്വശാസ്ത്രങ്ങൾക്കിടയിലെ സംഘർഷത്തിന്റെ മൂർച്ച കൂടി വന്നു. സ്വന്തമായ വിദ്യാഭ്യാസപരവും തത്ത്വശാസ്ത്രപരവുമായ മേൽക്കൈ ഉള്ളതിനാൽ സാമൂഹിക ഡാർവിനിസത്തിൽ നിന്ന് ഊർജം സ്വീകരിച്ച് പ്രാഗ്മാറ്റിസത്തിന്റെ അടിത്തറയിൽ വിദ്യാഭ്യാസത്തെ സ്ഥാപിക്കാൻ ജോൺ ഡ്യൂയി ശ്രമിക്കുകയുണ്ടായി. തന്നെ പിന്തുണക്കുന്നവരിൽ ധൈര്യം പകരാൻ അദ്ദേഹത്തിന് കഴിഞ്ഞു. പ്രതിയോഗികൾക്കെതിരെ വിശിഷ്യ, കത്തോലിക്കാർക്കെതിരെ വികാരം ഇളക്കിവിടാനായി. ഇതിന്റെ ഫലമായി വിദ്യാഭ്യാസ തത്ത്വശാസ്ത്രത്തെപ്പറ്റി വിവിധ തലങ്ങളിൽ പുസ്തകങ്ങളുടെ പ്രളയം തന്നെയുണ്ടായി.**

സ്ത്രമെന്നാൽ ചിന്തകളുടെ കൈമാറ്റവും ധൈഷണിക ചിന്തകളുടെ പരിശീലനവും ആത്മീയ മൂല്യങ്ങളുടെ പോഷണവുമായിരിക്കും.[3]

**റിയലിസം**

ക്ലാസിക്കൽ റിയലിസത്തിന്റെ വേരുകൾ അരിസ്റ്റോട്ടലിലാണ് ചെന്നുനിൽക്കുന്നത്. തോമസ് അക്വിനോ ഉൾപ്പെടെയുള്ള തത്ത്വശാസ്ത്രജ്ഞരിലൂടെ അത് ആധുനിക കാലത്തേക്ക് കടന്നുവരികയായിരുന്നു. ആധുനിക കാലത്ത് Michel de Montaige, Richard Mul caster, John Milton എന്നിവരിൽനിന്ന് ആരംഭിച്ച് റോമൻ കത്തോലിക്കാ ചർച്ചിന്റെ സംരക്ഷണയിൽ വ്യാപിക്കുകയായിരുന്നു.[4]

റിയലിസം മൂന്ന് വീക്ഷണങ്ങളായി ഇനം തിരിഞ്ഞു.

1. മതപരമായ റിയലിസം. ഇതനുസരിച്ച് പദാർഥവും ബുദ്ധിയും അഥവാ ആത്മാവും യാഥാർഥ്യമാണ്. രണ്ടും ദൈവത്തിന്റെ വിശുദ്ധ സൃഷ്ടികളാണ്. രണ്ടും വ്യവസ്ഥാപിതമായി പ്രവർത്തിക്കുന്നവയാണ്.

2. പ്രപഞ്ചത്തിന്റെ ഉൽപത്തി വിവരിക്കുന്നതിൽ ദൈവികമായ ഇടപെടലിന്റെ ആവശ്യകതയില്ല. ദൈവവും പ്രപഞ്ചവും തമ്മിൽ ഒരു ബന്ധവുമില്ല.

3. ബുദ്ധിയെ മാറ്റിനിർത്തി ഭൗതികാസ്തിത്വത്തിൽ മാത്രം കേന്ദ്രീകരിക്കുന്നു. ബുദ്ധിക്ക് പഞ്ചേന്ദ്രിയാനുഭവങ്ങളുമായി യാതൊരു ബന്ധവുമില്ല.

പിൽക്കാലത്ത് റിയലിസം കൂടുതൽ ശാഖകളായി പിരിയുകയും അവക്കു കീഴിൽ ധാരാളം വിദ്യാഭ്യാസ-ധൈഷണിക തത്ത്വശാസ്ത്രങ്ങൾ വികസിച്ചുവരികുയം ചെയ്തു. അവയെല്ലാം പദാർഥത്തിന് മാത്രമേ യഥാർഥ അസ്തിത്വമുള്ളൂ എന്നതിൽ കേന്ദ്രീകരിച്ചു. എങ്കിലും ഈ അസ്തിത്വത്തിന്റെ ഉത്ഭവത്തെക്കുറിച്ച് ഭിന്നാഭിപ്രായം നിലനിന്നു. ഈ തത്ത്വശാസ്ത്രത്തിന്റെ വക്താക്കളെ സംബന്ധിച്ചേടത്തോളം വിദ്യാഭ്യാസം പദാർഥത്തെയും അതിലെ സൃഷ്ടികളെയും ബൗദ്ധികലോകത്തെയും വാഴുന്ന പ്രകൃതി നിയമങ്ങളെയും കണ്ടെത്തുകയും പ്രപഞ്ചത്തിലെ പ്രതിഭാസങ്ങൾക്കിടയിലെ ബന്ധം നിർണയിക്കുകയുമാണ്. ഇതിനായി വൈജ്ഞാനിക വഴികളും തർക്കശാസ്ത്ര-ഗണിത ശാസ്ത്ര വിജ്ഞാനങ്ങളും ഉപയോഗിക്കണം. ആധുനിക ലോകത്ത് ഈ വ്യത്യസ്ത സ്കൂളുകളെ പ്രതിനിധീകരിച്ചവരാണ് ബർട്രന്റ് റസ്സൽ, ആൽഫ്രഡ് നോർത്ത് വൈറ്റ് ഹെഡ് എന്നിവർ.[5]

**പ്രാഗ്മാറ്റിസം**

കുറച്ചു കാലത്തിനു ശേഷം പ്രാഗ്മാറ്റിസം എന്ന മൂന്നാതൊരു വിദ്യാഭ്യാസ തത്ത്വശാസ്ത്രം ഉടലെടുത്തു. വിദ്യാഭ്യാസ ചരിത്രകാരന്മാർ ഇതിന്റെ ഉപജ്ഞാതാവ് ചാൾസ് എസ് ബേർസിയാണെന്ന് അഭിപ്രായപ്പെടുന്നു. പത്തൊമ്പതാം നൂറ്റാണ്ടിൽ വില്യം ജെയിംസ് (1842-1910), ജോൺ ഡ്യൂയി (1859-1952) എന്നിവരിലൂടെ അത് കൂടുതൽ വികസിച്ചു. ഈ സ്കൂളിന്റെ മുഖ്യ സ്രോതസ്സ് ചാൾസ് ഡാർവിന്റെ ഗ്രന്ഥങ്ങളായിരുന്നു. പ്രാഗ്മാറ്റിസം പ്രവർത്തനത്തിലും പരിശീലനത്തിലുമാണ് ഊന്നുന്നത്. ചിന്തകളെ പ്രവർത്തനങ്ങളുടെ തുടർച്ചയും ഫലവുമായാണ് ഈ തത്ത്വശാസ്ത്രം പരിഗണിക്കുന്നത്. ശരിയായ ചിന്തക്ക് മാത്രമേ അതിനെ പ്രയോഗവത്കരിക്കാൻകഴിയൂ. ബുദ്ധിക്ക് സ്ഥാനമോ അസ്തിത്വമോ ഇല്ല. തലച്ചോറിനും അതിന്റെ പ്രവർത്തനങ്ങൾക്കും മാത്രമേ അസ്തിത്വമുള്ളൂ. പഠനപ്രക്രിയകളുടെ തോതനുസരിച്ച് മനുഷ്യജീവിതത്തിൽ മൂല്യങ്ങൾ ഉണ്ടായിവരും. അത് സ്വാധീനം ചെലുത്തിയില്ലെങ്കിൽ അതിന് അസ്തിത്വമോ പ്രയോജനമോ ഇല്ലെന്നാണർഥം. സംസ്കാരവും കലയും സ്വഭാവങ്ങളും ആപേക്ഷികങ്ങളാണ്. പ്രാഗ്മാറ്റിസത്തിന്റെ വീക്ഷണത്തിൽ ലോകമെന്നാൽ ചഞ്ചലിതമായ പദാർഥവും, പദാർഥത്തിനും മൂല്യങ്ങൾക്കും സ്വഭാവങ്ങൾക്കും യാഥാർഥ്യങ്ങൾക്കും സ്ഥലകാലങ്ങൾക്കും സംഭവിക്കുന്ന നിരന്തരമായ മാറ്റങ്ങളുമാണ്. ഇക്കാരണങ്ങളാലെല്ലാം പാഠ്യവസ്തുക്കളേക്കാൾ വിദ്യാ

ഭ്യാസം കേന്ദ്രീകരിക്കേണ്ടത് അധ്യാപന രീതികളിലായിരിക്കണം. എങ്ങനെ പഠിക്കണം, എങ്ങനെ ചിന്തിക്കണം എന്ന് പഠിതാവ് പ്രായോഗികമായി പഠിക്കുകയാണ് വേണ്ടത്.

പ്രാഗ്മാറ്റിസത്തിൽ മനുഷ്യൻ തന്റെ ലോകത്തെ നിരന്തരമായ പുനർനിർമാണത്തിലൂടെയും പരിസ്ഥിതിയുമായുള്ള സാമൂഹികവും ജീവശാസ്ത്രപരവുമായ പാരസ്പര്യത്തിലൂടെയും വേണം മനുഷ്യൻ തന്റെ ലോകം സൃഷ്ടിക്കാൻ. ആയതിനാൽ, അധ്യാപകർ പഠിതാക്കളെ അനുഭവങ്ങൾ സൃഷ്ടിക്കാനും തങ്ങൾക്ക് ചുറ്റുമുള്ളവയുമായി സഹവർത്തനം സാധ്യമാകുമാറ് പഠിതാക്കൾക്ക് അധ്യാപന സാഹചര്യമൊരുക്കാനും ശ്രദ്ധ ചെലുത്തണം. വൈജ്ഞാനികവും പ്രശ്നപരിഹാരപരവുമായ രീതിയിലും ഊന്നണം.[6]


ചുരുക്കത്തിൽ, പാഠ്യപദ്ധതിയും അധ്യയന-അധ്യാപന രീതിയും മാനവ ചരിത്രത്തിലെ സ്ഥാപിത സത്യങ്ങളേക്കാൾ വിദ്യാർഥിയുടെ ആഗ്രഹങ്ങളെയും പ്രശ്നങ്ങളെയും കേന്ദ്രീകരിച്ചായിരിക്കണമെന്ന് പ്രാഗ്മാറ്റിസം സിദ്ധാന്തിക്കുന്നു.

**പ്രധാന മൂന്ന് വിദ്യാഭ്യാസ തത്ത്വശാസ്ത്രങ്ങൾക്കിടയിൽ സംഘർഷം ഉടലെടുക്കുന്നു**

ഐഡിയലിസം, റിയലിസം, പ്രാഗ്മാറ്റിസം എന്നീ മൂന്ന് തത്ത്വശാസ്ത്രങ്ങൾക്കിടയിൽ സംവാദം ഉടലെടുക്കുകയും ഓരോന്നിന്റെയും അനുയായികൾ മറ്റുള്ളവരെ വിഡ്ഢീകരിക്കുകയും ചെയ്തു. പ്രാഗ്മാറ്റിസ തത്ത്വശാസ്ത്രത്തിന്റെ അതിപ്രശസ്തനായ ജോൺ ഡ്യൂയി ഐഡിയലിസത്തെയും റിയലിസത്തെയും അതിനിശിതമായി വിമർശിച്ചു. രണ്ടും പുരാതന പാരമ്പര്യ വിദ്യാഭ്യാസ രീതികളാണ് അവതരിപ്പിക്കുന്നത്, അനുഭവം വളർത്തുന്നതിൽ പങ്കുവഹിക്കുന്നില്ല മുതലായവയായിരുന്നു ഗുരുതരമായ ആരോപണങ്ങൾ.[7]

ഐഡിയലിസവും റിയലിസവും ബുദ്ധിയുടെയും ശരീരത്തിന്റെയും അനുഭവങ്ങൾക്കിടയിൽ വേർതിരിവ് കൽപിക്കുന്നുവെന്നും ഈ വിടവ് പാരമ്പര്യ വിദ്യാഭ്യാസത്തിന്റെ ഏറ്റവും മോശമായ വശമാണെന്നും ജോൺ ഡ്യൂയി കുറ്റപ്പെടുത്തി. അദ്ദേഹം പറഞ്ഞു: "ഈ ധാരണ വെച്ചുപുലർത്തുന്നവർ പഠിപ്പിക്കുമ്പോൾ ചലനവും ഉന്മേഷവും ഇല്ലായ്കയാൽ ശരീരത്തെ സമ്മർദത്തിലാക്കുന്നു. അനങ്ങരുതെന്നും ശാന്തമായിരിക്കണമെന്നും ആവശ്യപ്പെടുന്നു. ഏതെങ്കിലും ചലനത്തിലേർപ്പെട്ടാൽ പഠിതാവിനെ ശിക്ഷിക്കുന്നു. കാരണം അവരുടെ അഭിപ്രായത്തിൽ ശാരീരിക ചലനങ്ങൾ ധൈഷണികശേഷിയെ നശിപ്പിച്ചുകളയും." ഒരു സിദ്ധാന്തം ചൊല്ലിപ്പഠിക്കുന്നതിനേക്കാൾ എത്രയോ ഉന്നതമാണ് അനുഭവ പരിചയം. അനുഭവ പരിചയം സൈദ്ധാന്തിക ചിന്തകളെയും അതിന്റെ പ്രാധാന്യത്തെയും ജൈവികതയെയും ഉൽപാദിപ്പിക്കുന്നു. എത്ര താണ അനുഭവ പരിചയവും ചിന്തകൾ


സെന്റ് തോമസ് അക്വിനാസ്


ബെർട്രാന്റ് റസ്സൽ

ഉൽപാദിപ്പിക്കും. അനുഭവ പരിചയമില്ലാത്ത ചിന്തകൾ മനസ്സിലാക്കാൻ കഴിയില്ല. അവ കേവല സംസാരങ്ങളായി ഒതുങ്ങും.[8]

ഐഡിയലിസത്തിനും റിയലിസത്തിനും എതിരെയുള്ള ഈ ആക്രമണങ്ങളിൽ ചില പ്രാഗ്മാറ്റിസ്റ്റുകളും ജോൺ ഡ്യൂയിയെ പിന്തുണച്ചു. boy henry bode എന്ന, ജോൺ ഡ്യൂയിയുടെ പ്രമുഖ വ്യാഖ്യാതാവായിരുന്നു അവരിലൊരാൾ. William Heard Kilpatrick, ജോൺ ഡ്യൂയിയുടെയും കിൽപാട്രികിന്റെയും ശിഷ്യനായ ജോൺ ലോറൻസ് ചൈൽഡ്സ് എന്നിവരായിരുന്നു മറ്റു രണ്ടു പേർ.[9]

ഐഡിയലിസത്തിന്റെ വക്താക്കൾ ജോൺ ഡ്യൂയിക്കും പ്രാഗ്മാറ്റിസത്തിനുമെതിരിൽ ആക്രമണമഴിച്ചുവിട്ടു. ജോൺ ഡ്യൂയിയെ വിമർശിച്ചുകൊണ്ട് ഹെർമൻ ഹെറാൾ ഹോൺ രംഗത്തുവന്നു. ഇദ്ദേഹത്തിന്റെ 'ഐഡിയലിസം ഇൻ എജുക്കേഷൻ' 1910-ലും 'വിദ്യാഭ്യാസ തത്ത്വശാസ്ത്രം' 1927-ലും പ്രസിദ്ധീകൃതമായി. Theodor Meyer Green തന്റെ Liberal Education Reconsidered എന്ന കൃതിയിലൂടെ ജോൺ ഡ്യൂയിയുടെ അഭിപ്രായങ്ങളെ ആക്രമിച്ചു. തിയഡോർ ഗ്രീനിന്റെ ഉപദേഷ്ടാവും 1951-ൽ പ്രസിദ്ധീകരിച്ച Four philosophies and their Practice in Education and Religion എന്ന കൃതിയുടെ കർത്താവുമായ J. Dowal d butler ഉം ജോൺ ഡ്യൂയിയെ വിമർശിച്ചു.[10]

ഈ പോരാട്ടത്തിൽ റിയലിസത്തിന്റെ വക്താക്കളും പ്രാഗ്മാറ്റിസത്തെ ആക്രമിച്ചു. പ്രാഗ്മാറ്റിസത്തേക്കാൾ റിയലിസം മികവ് പുലർത്തുന്നുവെന്ന് തന്റെ രചനകളിലൂടെ സ്ഥാപിക്കാൻ ശ്രമിച്ച ഫ്രെഡറിക് എസ് ബ്രീഡ് ആണ് ഇവരിൽ പ്രമുഖൻ. കൂടാതെ അമേരിക്കയിലും ബ്രിട്ടനിലും പ്രവർത്തിച്ച ആൽഫ്രഡ് വൈറ്റ് ഹെഡ് വിദ്യാഭ്യാസ തത്ത്വശാസ്ത്രങ്ങളെച്ചൊല്ലി നടന്ന സംവാദങ്ങളിൽ പങ്കാളിയാവുകയുണ്ടായി. ജോൺ ഡാനിയേൽ വൈൽസ്, മോറിറ്റ്മർ ജെറോം അഡ്ലർ, Robert

Maynard Hut chins (1953-ൽപ്രസിദ്ധീകരിച്ച Conflict in Education ന്റെകർത്താവ്) എന്നിവരും സംവാദത്തിൽ ഭാഗഭാക്കാവുകയുണ്ടായി.

**വിദ്യാഭ്യാസ തത്ത്വശാസ്ത്രങ്ങളുടെ വൈവിധ്യവും വൈരുധ്യവും**

വിദ്യാഭ്യാസ തത്ത്വശാസ്ത്രത്തെക്കുറിച്ച് സുപ്രധാന വിദ്യാഭ്യാസ ധാരകൾ തമ്മിൽ നടന്ന സംവാദങ്ങൾ വേറെയും വിദ്യാഭ്യാസ തത്ത്വശാസ്ത്രങ്ങൾക്ക് ജന്മം നൽകി. പ്രാഗ്മാറ്റിസം പ്രോഗ്രസീവ്സം, റീ കൺസ്ട്രക്ഷനിസം എന്നീ രണ്ട് ശാഖകൾക്ക് വഴിതുറന്നു. ഇതിൽ പ്രോഗ്രസീവ്സത്തിന്റെ വേരുകൾ ചെന്നു നിൽക്കുന്നത് റോമൻ വിദ്യാഭ്യാസ തത്ത്വജ്ഞാനിയായ കോന്റിലെനി(ബി.സി 95-35)ലാണ്. പഠിതാക്കളെ പീഡിപ്പിച്ചിരുന്ന ഗ്രീക്ക് ശൈലികളെ വിമർശിക്കുകയും അവരുടെ കഴിവുകൾ പഠിക്കുകയും സഹായിക്കുകയും വേണമെന്ന് ആവശ്യപ്പെടുകയും ചെയ്തിരുന്നയാളാണിദ്ദേഹം. ശേഷം വന്ന ഫ്രഞ്ച് തത്ത്വശാസ്ത്രജ്ഞൻ ജാൺ ജാക് റൂസോ തന്റെ *ഇമീൽ* എന്ന കൃതിയിൽ വിദ്യാഭ്യാസം പഠിതാവിൽ കേന്ദ്രീകരിക്കണമെന്ന് ആവശ്യപ്പെട്ടു. അമേരിക്കയിലും യൂറോപ്പിലും ഒരുപോലെ സ്വാധീനം ചെലുത്തിയ സ്വിറ്റ്സർലന്റുകാരനായ ഗോഹൻ ഹെന്റിക് ബഡ്റ്റ ലോസി അദ്ദേഹത്തെ പിന്തുണച്ചു. പിന്നീട് പ്രോഗ്രസീവ്സം അമേരിക്കയിൽ കേന്ദ്രീകരിക്കുകയും ജോൺ ഡ്യൂയിയെപോലുള്ള ചിന്തകന്മാരുണ്ടാവുകുയം ചെയ്തു. 1918-ൽ The Progressive Education Association രൂപീകൃതമായി. ഹാർവാർഡ് യൂനിവേഴ്സിറ്റിയിലെ വില്യം എലിയട്ടായിരുന്നു ഇതിന്റെ മേധാവി.[11]

പ്രോഗ്രസീവ്സം, അടിസ്ഥാന പദാർഥങ്ങളുടെ തത്ത്വശാസ്ത്രം എന്ന പേരിലറിയപ്പെട്ടിരുന്ന ഐഡിയലിസത്തെയും റിയലിസത്തെയും എതിർക്കാൻ മുന്നോട്ടുവന്നു. പക്ഷേ, ഇരുപതാം നൂറ്റാണ്ടിലെ മുപ്പതുകളിൽ സംജാതമായ സാമ്പത്തിക പ്രതിസന്ധികളെയും പ്രോഗ്രസീവ്സത്തിന്റെ തുഛാവസ്ഥയെയും തുടർന്ന് പ്രോഗ്രസീവ്സത്തിന്റെ തത്ത്വശാസ്ത്രങ്ങൾക്കിടയിൽ സ്തംഭവനാവസ്ഥയുണ്ടായി. ഇത് പ്രസ്തുത തത്ത്വശാസ്ത്രത്തെക്കുറിച്ച് പുനരാലോചന വേണമെന്ന നിലപാടിലേക്ക് അവരെ നയിച്ചു. കുട്ടികളുടെ താൽപര്യങ്ങളിൽ കൂടുതൽ ഊന്നുന്ന രീതി കുറച്ച് സമൂഹത്തിന്റെ താൽപര്യങ്ങൾക്ക് പ്രാമുഖ്യം നൽകണമെന്ന നിർദേശം ഉയർന്നുവന്നു. ഇത് മുന്നോട്ടുവെച്ചവർ റീ കൺസ്ട്രക്ഷനിസം എന്ന ആശയത്തിന് തുടക്കമിട്ടവരായി അറിയപ്പെടുന്നു. ഈ തത്ത്വശാസ്ത്രം മാതൃകാ സമൂഹമായിരിക്കണം വിദ്യാഭ്യാസത്തിന്റെ അച്ചുതണ്ടും ലക്ഷ്യങ്ങളും പരിപാടികളും എന്ന് അഭിപ്രായപ്പെടുന്നു. നിലവിലെ സമൂഹത്തെ മുൻനിർത്തിയല്ല, ഭാവി സമൂഹത്തിലെ ഭാവി പൗരന്മാരെ കണ്ടുവേണം വിദ്യാലയങ്ങൾ പ്രവർത്തിക്കാൻ. ഈ ആശയം മുന്നോട്ടുവെച്ച പ്രമുഖനാണ് George Sylvestex Counts. പുരോഗമന വിദ്യാഭ്യാസ സമിതിയുടെ അന്തർദേശീയ സമിതിക്ക് വേണ്ടി അദ്ദേഹം തയാറാക്കിയ ഗവേഷണ ഗ്രന്ഥത്തിന്റെ പേരുതന്നെ Dare the school Build a new Social order? (വിദ്യാലയം പുതിയൊരു സാമൂഹിക വ്യവസ്ഥ നിർമിക്കാൻ ധൈര്യപ്പെടുമോ?) എന്നായിരുന്നു. അദ്ദേഹം എഴുതുന്നു: "സാമൂഹിക പരിരക്ഷ എന്ന വീക്ഷണമില്ലായ്മയാണ് പുരോഗമന വിദ്യാഭ്യാസത്തിന്റെ ബലഹീനത. പുരോഗമന വിദ്യാഭ്യാസം യഥാർഥത്തിൽ പുരോഗമനപരമാവണമെങ്കിൽ അത് എല്ലാ സാമൂഹിക പ്രശ്നങ്ങളെയും ധീരമായി ശക്തിപ്പെടുത്തണം, സമ്പൂർണ തലങ്ങളിൽ നേരിടണം, ജീവിത യാഥാർഥ്യങ്ങളെ പൂർണമായും യഥാതഥമായും അഭിമുഖീകരിക്കണം. മനുഷ്യന്റെ പരിണതിയെപ്പറ്റി ക്രിയാത്മകമായ കാഴ്ചപ്പാട് അവതരിപ്പിക്കണം. പഠിതാക്കളെ നിർബന്ധിച്ചുകൂടാ, വാർത്തെടുത്തു കൂടാ മുതലായ ഇന്നത്തെ ഭയങ്ങൾ ഒഴിവാക്കണം.[12]

ഈ ചിന്താധാരയിലെ Theodore Brameld, Recontructionism എല്ലാ പ്രതിസന്ധികളും പരിഹരിക്കാനുള്ള തത്ത്വശാസ്ത്രവും ജനാധിപത്യ സമൂഹങ്ങൾ നേരിടുന്ന സാംസ്കാരിക ദുരന്തങ്ങൾക്കുള്ള പ്രതിവിധിയുമാണെന്ന് വാദിച്ചു.

ഈ തത്ത്വചിന്ത ഇരുപതാം നൂറ്റാണ്ടിന്റെ മുപ്പതുകൾക്കും അറുപതുകൾക്കുമിടയിൽ പുഷ്കലമായി. അമേരിക്കൻ സമൂഹത്തിൽ ഭൂതകാല ധാരണകളിൽ നിന്ന് മോചനം നേടാനുള്ള സ്വാതന്ത്ര്യവാഞ്ഛ ശക്തിപ്പെട്ട കാലമായിരുന്നു അത്. അതനുസരിച്ച് വിദ്യാഭ്യാസ രംഗത്തെ പ്രയോഗവത്കരണങ്ങൾ, വിദ്യാർഥികൾക്കിടയിലെ വ്യക്തിമാത്സര്യങ്ങൾക്ക് പകരം സഹകരണാടിസ്ഥാനത്തിലുള്ള പ്രവർത്തനങ്ങൾക്ക് കളമൊരുക്കി. വ്യക്തിപരമായ നേതൃത്വത്തിനു പകരം സംഘടിതമായ പ്രവർത്തനങ്ങൾ എന്ന ആശയം മുന്നോട്ടുവെച്ചു. ഏതൊരു പ്രവർത്തനവും വിജയിപ്പിച്ചെടുക്കുകയെന്നത് ഭാവിയിലേക്കുള്ള ത്വരയായി പരിഗണിക്കപ്പെടണമെന്ന് വാദിക്കപ്പെട്ടു.[13]

ഇതേപോലെ, ഐഡിയലിസം Perennialism എന്ന പേരിൽ പുതിയൊരു തത്ത്വശാസ്ത്രത്തിന് ജന്മം നൽകി. അത് ആധുനിക ലോകത്തിന്റെ പല ആഭിമുഖ്യങ്ങളെയും വെറുക്കുന്നു. വ്യാവസായിക വിപ്ലവത്തിന്റെ ഫലങ്ങൾ, ശാസ്ത്ര രംഗത്തെ വിപ്ലവം, മതേതര മൂല്യങ്ങൾ, മാർക്സിസ്റ്റ് പ്രോലിറ്റേറിയറ്റ് മൂല്യങ്ങൾ, ഇലക്ട്രോണിക്-സാങ്കേതിക ശാസ്ത്ര വിപ്ലവം മുതലായവയെ തള്ളിക്കളയുന്നു. പ്രപഞ്ചം നിത്യമാണെന്നും മനുഷ്യപ്രകൃതിയും യാഥാർഥ്യവും ജ്ഞാനവും മൂല്യങ്ങളും സൗന്ദര്യവുമെല്ലാം മാറുന്നില്ലെന്നും അതിനാൽ വിദ്യാഭ്യാസം ഭൂതകാലത്തിൽ അടിയുറച്ചതാവണമെന്നും ഈ തത്ത്വശാസ്ത്രം

വാദിക്കുന്നു. ആയിതനാൽ, സ്ഥിരസ്ഥായിയായ കാര്യങ്ങളാവണം നാം ആഗ്രഹിക്കേണ്ടത്. റോബർട്ട് ഹുക്കിൻസ് ആണ് ഇതിന്റെ പ്രമുഖ സൈദ്ധാന്തികൻ. മനുഷ്യ പ്രകൃതി എക്കാലവും സ്ഥിരമാണെന്നതാണ് ഈ തത്ത്വശാസ്ത്രത്തിന്റെ കാതൽ. ചിന്താശേഷിയും മാതൃകകൾ ഗ്രഹിക്കാനുള്ള കഴിവും മനുഷ്യനിൽ സ്ഥിരസ്ഥായിയാണ്. ഇത് മറ്റു സൃഷ്ടികളിൽ കാണാത്ത ഗുണമാണ്. ആയതിനാൽ, വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം ബുദ്ധിമാനും യുക്തിജ്ഞനുമായ മനുഷ്യനെ ഉൽപാദിപ്പിക്കുക എന്നതാവണം. ഇതിനാവശ്യമായ പാഠ്യപദ്ധതി പൗരാണിക ഗ്രീക്കുകാരുടെ ആശയങ്ങളിൽ നിന്നും സ്വതന്ത്ര ലാറ്റിൻ വിദ്യാഭ്യാസാശയങ്ങളിൽനിന്നുമാണ് കണ്ടെടുക്കപ്പെട്ടത്.

പ്ലേറ്റോ, അരിസ്റ്റോട്ടിൽ, മാർകോസ് ഓലിയോസ്, വിശുദ്ധ അഗസ്റ്റിൻ, വിശുദ്ധ തോമസ് അക്വിനേ, കോപർ നിക്കസ്, ഗലീലിയോ, ഇറാസ്മസ്, ഷെയ്ക്സ്പിയർ മുതലായവരുടെ പ്രവർത്തനങ്ങളിൽ ഊന്നിയാവണം പാഠ്യപ്രവർത്തനങ്ങൾ. ഈ സ്കൂളിന്റെ ഉപജ്ഞാതാക്കൾ കുറവാണെങ്കിലും അവർ ഉയർന്ന ബുദ്ധിജീവികളായിരുന്നു.

ഇതേപോലെ, റിയലിസം എസ്സൻഷലിസം (സ്വത്വവാദം) എന്ന മറ്റൊരു തിയറിക്ക് ജന്മം നൽകി. ഈ തിയറി അമേരിക്കയിൽ മുഖ്യമായും രണ്ട് ലക്ഷ്യങ്ങളിൽ കേന്ദ്രീകരിക്കുന്നു. ഒന്ന്, വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം സാംസ്കാരിക പൈതൃകത്തിന്റെ കൈമാറ്റം. രണ്ട്, ധൈഷണിക പരിശീലനം. മേൽ ലക്ഷ്യങ്ങൾക്കൊപ്പം ശാരീരികവും മാനസികവുമായ ആരോഗ്യം, തൊഴിൽക്ഷമത, ഹോബികളിലേർപ്പെടുക മുതലായവയും ചിലർ ഉപ ലക്ഷ്യങ്ങളായി എടുത്തു പറയുന്നു. നിലവിലെ സമൂഹത്തിന്റെയും, ജീവിച്ചിരിക്കുന്നവരും മരിച്ചവരുമായ സാമൂഹിക-രാഷ്ട്രീയ നേതൃത്വങ്ങളുടെയും പാശ്ചാത്യ നാഗരികതയുടെ ചിന്തകന്മാരുടെയും മൂല്യങ്ങൾ മുതലായവയും പഠിതാക്കൾക്ക് പകർന്നു നൽകിയിരിക്കണമെന്ന് ഇതിന്റെ വക്താക്കൾ നിർദേശിക്കുന്നു.[14]

മുകളിൽ പറഞ്ഞ ഏഴ് വിദ്യാഭ്യാസ തത്ത്വശാസ്ത്രങ്ങൾക്കു പുറമെ Existentialism (അസ്തിത്വവാദം) എന്ന എട്ടാമതൊരു തത്ത്വശാസ്ത്രം ഉടലെടുത്തു. രണ്ടാം ലോകയുദ്ധത്തിനിടയിലും ശേഷവുമായി യൂറോപ്പിലാണ് ഇത് ഉടലെടുത്തത്. സ്വത്വ പ്രവർത്തനങ്ങൾ, ഗ്രഹണം, വൈകാരിക പ്രതിബദ്ധത, ഐക്യബോധം മുതലായവയിൽ ഊന്നിയ വ്യക്തിനിഷ്ഠ തത്ത്വശാസ്ത്രമാണിത്. ഇതിന്റെ പ്രതികരണങ്ങളും സ്വാധീനങ്ങളും വിദ്യാർഥിയിലും അധ്യാപകരിലും വ്യക്തിനിഷ്ഠമായാണ് അനുഭവപ്പെടുക. ജീവിതത്തെ നിരർഥകതയായും കാഠിന്യമായും ഭീതിയായും കാണുന്നവരെയും വ്യാവസായിക-സാങ്കേതിക ശാസ്ത്ര സമൂഹങ്ങളിലും സ്വാതന്ത്ര്യരാഹിത്യം അനുഭവിക്കുന്നു എന്ന് തോന്നുന്നവരിലുമാണ് ഈ ചിന്തക്ക് സ്വാധീനം ലഭിക്കുക. അസ്തിത്വവാദമനുസരിച്ച് വ്യക്തി അയാളുടേത് മാത്രമായ ചിന്താ-വികാര ലോകങ്ങളിൽ, ഭൗതികലോകത്ത് നിന്നും മറ്റു മനുഷ്യരിൽനിന്നും അകന്നു മാറിയാണ് ജീവിക്കുക. തന്റെ ജീവിതം, പരിണതി, നാശം മുതലായവയിലെല്ലാം പാരമ്പര്യം, സാഹചര്യം എന്നിവയെല്ലാം അവഗണിച്ചുകൊണ്ട് തീരുമാനമെടുക്കാൻ അയാൾക്ക് സ്വാതന്ത്ര്യമുണ്ടായിരിക്കും.

പത്തൊമ്പതാം നൂറ്റാണ്ടിലെ സോറൻ കിർകിഗാർഡ്, ഫ്രെഡറിക് നിഷെ, തിയഡോർ ദൊസ്തോവ്സ്കി മുതലായവരുടെ ഗ്രന്ഥത്തിലേക്കാണ് ഈ തത്ത്വശാസ്ത്രത്തിന്റെ വേരുകൾ ചെന്നെത്തുന്നത്. എന്നാൽ, രണ്ടാം ലോക യുദ്ധത്തിനു ശേഷം ജോൺ പോൾ സാർത്ര്, ആൽബർ കാമൂ മുതലായവരുടെ മുൻകൈയിലാണ് ഇതിന് കൂടുതൽ പ്രചാരം ലഭിച്ചത്. ഇതിന് വിദ്യാഭ്യാസ ഗ്രന്ഥങ്ങളിൽ സ്വാധീനം നേടാനായത് അമേരിക്കൻ വിദ്യാഭ്യാസ വിചക്ഷണൻ മാക്സിം ഗ്രീമിന്റെ വിദ്യാഭ്യാസ ഗ്രന്ഥങ്ങളിലൂടെയാണ്. യഥാർഥത്തിൽ അസ്തിത്വവാദത്തെ അടിസ്ഥാനമാക്കി വിദ്യാ

**ആധുനിക വിദ്യാഭ്യാസ തത്ത്വശാസ്ത്രങ്ങളുടെ വേരുകൾ പന്ത്രണ്ടാം നൂറ്റാണ്ടിലെ യൂറോപ്യൻ നവോത്ഥാനത്തിലാണ് ചെന്നു നിൽക്കുന്നത്. ക്രൈസ്തവ ചർച്ചിന്റെ മേൽനോട്ടത്തിലായിരുന്നു ഈ വിദ്യാഭ്യാസ സ്ഥാപനങ്ങൾ പ്രവർത്തനമാരംഭിച്ചത്. തുടർന്നുള്ള നൂറ്റാണ്ടുകളിൽ ഈ മേൽനോട്ടം അമേരിക്കയുൾപ്പെടെ കൂടുതൽ രാജ്യങ്ങളിലേക്ക് വ്യാപിച്ചു. അതു കാരണം വിദ്യാഭ്യാസ പദ്ധതികളും നടത്തിപ്പു രീതികളും മനുഷ്യൻ, പ്രപഞ്ചം, ജീവിതം എന്നിവ സംബന്ധിച്ച ക്രൈസ്തവ സങ്കൽപമനുസരിച്ച് തുടർന്നുപോന്നു. അക്കാലത്തെ വിദ്യാഭ്യാസ പ്രവർത്തനങ്ങളുടെ ദിശ നിർണയിച്ച തത്ത്വശാസ്ത്രം അതായിരുന്നു.**

ഭ്യാസ പദ്ധതിയോ സ്കൂളുകളോ നിലനിൽക്കുന്നില്ലെങ്കിലും പഠിതാക്കളെയും അധ്യാപകരെയും വ്യക്തിസ്വാതന്ത്ര്യത്തിലേക്ക് നയിച്ച് അവരെ സ്വകർമങ്ങളുടെ ഫലങ്ങൾ സ്വയം അനുഭവിക്കാൻ വിടുകയാണ് അത് ചെയ്യുന്നത്.[15]

ഇതുപോലെ, മാർക്സിസ്റ്റ് തിയറിക്കും സ്വതന്ത്രമായ വിദ്യാഭ്യാസ കാഴ്ചപ്പാടുകളുണ്ടായിരുന്നു. ഓസ്ട്രിയക്കാരനായ ജോർജ് ലൊഗാഷ്, ഫ്രഞ്ചുകാരനായ അൾഷോഡർ മുതലായവരാണ് ഇത് വികസിപ്പിച്ചത്. മാതൃകാ മാർക്സിസം മുപ്പതിലധികം സ്കൂളുകളായി വഴിപിരിഞ്ഞതിനാൽ അവയുടെയെല്ലാം വിശദാംശങ്ങൾ രേഖപ്പെടുത്താൻ ഇവിടെ പ്രയാസമുണ്ട്.

ഇവക്കെല്ലാം പുറമെ, യുവാക്കളെ ഉദ്ദേശിച്ച് ക്രൈസ്തവ വിദ്യാഭ്യാസ തത്ത്വശാസ്ത്രം ഉടലെടുത്തു. ഇറ്റലിക്കാരനായ പതിനൊന്നാം പോപ് പയസ് (1857 -1939), അമേരിക്കക്കാരനായ വില്യം ഫ്രാൻസിസ് കനംഗ്ഹാം, ഫ്രഞ്ചുകാരനായ ജാക്മാർട്ടിൻ മുതലായവരാണ് ഇതിന്റെ ഉപജ്ഞാതാക്കൾ. 'അതിപ്രാധാന്യമർഹിക്കുന്ന വിദ്യാഭ്യാസ പ്രശ്നങ്ങൾ', 'വിദ്യാഭ്യാസം വഴിത്തിരിവിൽ' മുതലായവ ഇവരുടെ കൃതികളാണ്. ലോഥറിയൻ വിദ്യാഭ്യാസ തത്ത്വശാസ്ത്രം എന്ന പേരിൽ ആർതർ ലിയോണാർഡ് മില്ലർ ഉൾപ്പെടെയുള്ളവർ ആവിഷ്കരിച്ച മറ്റൊന്നു കൂടി പ്രസ്താവ്യമാണ്. 'ലോഥറിയൻ വിദ്യാഭ്യാസ തത്ത്വശാസ്ത്രത്തിന്റെ ദൈവിക അടിത്തറകൾ' എന്ന കൃതി ഇദ്ദേഹത്തിന്റേതാണ്.[16]

**വ്യത്യസ്ത വിദ്യാഭ്യാസ തത്ത്വശാസ്ത്രങ്ങൾക്കിടയിലെ സംഘട്ടനങ്ങളുടെ തീവ്രത**

വ്യത്യസ്ത വിദ്യാഭ്യാസ തത്ത്വശാസ്ത്രങ്ങൾക്കിടയിലെ സംഘർഷത്തിന്റെ മൂർച്ച കൂടി വന്നു. സ്വന്തമായ വിദ്യാഭ്യാസപരവും തത്ത്വശാസ്ത്രപരവുമായ മേൽക്കൈ ഉള്ളതിനാൽ സാമൂഹിക ഡാർവിനിസത്തിൽ നിന്ന് ഊർജം സ്വീകരിച്ച് പ്രാഗ്മാറ്റിസത്തിന്റെ അടിത്തറയിൽ വിദ്യാഭ്യാസത്തെ സ്ഥാപിക്കാൻ ജോൺ ഡ്യൂയി ശ്രമിക്കുകയുണ്ടായി. തന്നെ പിന്തുണക്കുന്നവരിൽ ധൈര്യം പകരാൻ അദ്ദേഹത്തിന് കഴിഞ്ഞു. പ്രതിയോഗികൾക്കെതിരെ വിശിഷ്യ, കത്തോലിക്കാർക്കെതിരെ വികാരം ഇളക്കിവിടാനായി. ഇതിന്റെ ഫലമായി വിദ്യാഭ്യാസ തത്ത്വശാസ്ത്രത്തെപ്പറ്റി വിവിധ തലങ്ങളിൽ പുസ്തകങ്ങളുടെ പ്രളയം തന്നെയുണ്ടായി.

സംവാദത്തിന്റെ തീവ്രത കൂടി വന്നതനുസരിച്ച് വിവിധ വീക്ഷണക്കാർക്കിടയിൽ അന്തരങ്ങൾ കഠിനമായി. മിക്കയാളുകളും പ്രോഗ്രസീവ് പ്രാഗ്മാറ്റിസത്തെ പിന്തുണച്ചു. വലിയൊരു പക്ഷം സാമ്പ്രദായിക വീക്ഷണത്തെ അനുകൂലിച്ചു. പ്രാഗ്മാറ്റിസത്തിന്റെ വക്താക്കൾ തന്നെയും സ്റ്റാൻലി ഹോൾ, ഫ്രോയിഡ് മുതലായവരുടെ ചിന്തകളിൽ നിന്ന് പ്രചോദനമുൾക്കൊണ്ട റൊമാന്റിക് ഉൾപ്പെടെയുള്ള ഗ്രൂപ്പുകളായി തിരിഞ്ഞു.

ജോൺ ഡ്യൂയിയുടെ അഭിപ്രായങ്ങളെ പിന്തുണച്ച ജോൺ ബ്രോ ബാഗർ വിദ്യാഭ്യാസ തത്ത്വശാസ്ത്ര രംഗത്തെ വ്യത്യസ്ത ധാരകൾക്ക് കാരണമായി മൗലികവും ബാഹ്യവുമായ കാരണങ്ങൾ പറയുന്നുണ്ട്.

നേരത്തെ മുതൽ തുടർന്നുപോരുന്ന പാരമ്പര്യ ആശയങ്ങൾക്കുള്ള തിരിച്ചടി എന്ന നിലയിലാണ് 'പുരോഗമന വിദ്യാഭ്യാസം' ആവിഷ്കൃതമായതെന്നതാണ് ബാഹ്യ കാരണം. പാരമ്പര്യ വിദ്യാലയങ്ങൾ അതിഭൗതിക മനഃശാസ്ത്രത്തിൽ ഊന്നിയപ്പോൾ, പുരോഗമന പ്രസ്ഥാനം മനഃശാസ്ത്രത്തെ ജൈവാടിത്തറയിലാണ് സ്ഥാപിച്ചത്. വിശിഷ്യാ, ഡാർവിന്റെ പരിണാമ സിദ്ധാന്തത്തിൽ. ആന്ത്രോപോളജി, സാമൂഹിക പഠനരംഗത്തെ വിദ്യാഭ്യാസ പ്രയോഗവത്കരണ രംഗത്തും ഇതുതന്നെ അനുവർത്തിച്ചുവന്നു. വിവിധ ഓട്ടോക്രാറ്റുകൾക്കിടയിൽ നേതൃത്വത്തിനു വേണ്ടി ഉടലെടുത്ത ധാരാളം സംഘട്ടനങ്ങളിലേക്ക് നയിച്ച സാമ്പത്തിക രാഷ്ട്രീയ ചലനങ്ങളാണ് വിദ്യാഭ്യാസ തത്ത്വശാസ്ത്രരംഗത്തെ സംഘർഷങ്ങളുടെ മൗലിക പ്രചോദനം. പ്രവർത്തന സ്വാതന്ത്ര്യം, വ്യക്തിസ്വാതന്ത്ര്യം, സ്വതന്ത്ര പ്രാഗ്മാറ്റിസം മുതലായ വിദ്യാഭ്യാസ ലക്ഷ്യങ്ങൾക്കായി ചിന്തകളെയും വീക്ഷണങ്ങളെയും രൂപവത്കരിക്കാനായി മേൽ തത്ത്വശാസ്ത്രങ്ങളെല്ലാം തങ്ങളുടെ തത്ത്വങ്ങളെ ഉപയോഗപ്പെടുത്തി. ഓരോ വിഭാഗവും തങ്ങളുടെ വിശ്വാസ വീക്ഷണങ്ങളെയും രാഷ്ട്രീയാഭിമുഖ്യങ്ങളെയും പിന്തുണക്കുന്നവരെ തങ്ങളോടൊപ്പം ചേർത്തുനിർത്തി.[17]

**വിവിധ വിദ്യാഭ്യാസ തത്ത്വശാസ്ത്രങ്ങൾക്കിടയിലെ അഭിപ്രായ വ്യത്യാസങ്ങളെ ഇങ്ങനെ നിർണയിക്കാം:**

1. വിദ്യാഭ്യാസ തത്ത്വശാസ്ത്രത്തിന്റെ പൊതു ചട്ടക്കൂട് നിർണയിക്കുന്നതിൽ വിദ്യാഭ്യാസ തത്ത്വശാസ്ത്രങ്ങൾ ഏകാഭിപ്രായക്കാരാണ്. ഈ ചട്ടക്കൂട് യാഥാർഥ്യം (ontology), ജ്ഞാനം (Epistemology), ആദർശം-മൂല്യങ്ങൾ (Axiology) എന്നീ മൂന്ന് അടിസ്ഥാനങ്ങളിൽ ഊന്നിയുള്ളതാണ്. എങ്കിലും ഇവയുടെ ഉള്ളടക്കവും ആശയവും വിശദീകരിക്കുന്നതിൽ അവ വ്യത്യസ്ത നിലപാടുകാരാണ്. ഇവയിൽ ചിലത് യാഥാർഥ്യത്തെ പദാർഥാസ്തിത്വ(Monostic Materialism)ത്തിൽ മാത്രമായി പരിമിതപ്പെടുത്തിയിരിക്കുന്നു. പ്രപഞ്ചത്തിന് ലക്ഷ്യമോ അതിനു പിന്നിൽ പരമോന്നത ശക്തിയോ ദൃശ്യലോകത്തിനപ്പുറം മറ്റൊരു ലോകമോ ഇല്ല. സസ്യങ്ങൾ, ജീവികൾ, നിർജീവ പദാർഥങ്ങൾ മുതലായവയുടെ അതേ മൂലത്തിൽ നിന്നു തന്നെയാണ് മനുഷ്യന്റെയും ഉൽപത്തി. അവനു മാത്രമായി ഒരു സവിശേഷതയുമില്ല. മറ്റു ചില തത്ത്വശാസ്ത്രങ്ങൾ പ്രപഞ്ചത്തിന് ലക്ഷ്യമുണ്ടെന്ന് സമ്മതിക്കുന്നു. മാനവ പ്രകൃതിയും ചരിത്രസംഭവങ്ങളും മുൻനിർത്തി പഠിക്കുന്ന പക്ഷം ദൈവത്തെയും മൂല്യങ്ങ

ളെയും മനസ്സിലാക്കാൻ മനുഷ്യന് സാധിക്കും. ഈ വീക്ഷണം മുന്നോട്ടുവെച്ചയാളാണ് ജോൺ വൈൽഡ്.


മറ്റു ചില തത്ത്വശാസ്ത്രങ്ങൾ പ്രപഞ്ചത്തിന്റെ യാഥാർഥ്യം ആത്മാവ് (spirit) ആണെന്ന് വാദിക്കുന്നു. ആത്മീയലോകം പദാർഥവും ആത്മാവും ചേർന്ന മനുഷ്യൻ ഉൾപ്പെടെയുള്ള ഭൗതിക ലോകത്തെ സഹായിക്കുന്നു. ഇതിൽ ആത്മാവിനാണ് മേധാവിത്വം. ഈ വീക്ഷണം മുന്നോട്ടുവെച്ചവരിൽ പ്രധാനിയാണ് ഹെർമൻ എച്ച് ഹോൺ. മറ്റു ചില തത്ത്വശാസ്ത്രങ്ങൾ, യാഥാർഥ്യങ്ങൾ കണ്ടെത്താൻ കഴിയമോ എന്ന് സംശയിക്കുന്നവയാണ്. മനുഷ്യരുടെ ജീവൻ അവരുടെ അനുഭവങ്ങളുടെ അതിരുകളിൽ പരിമിതമാണ്. ജോൺ ഡ്യൂ ഈ വീക്ഷണത്തിന്റെ വക്താവാണ്.

2. വിദ്യാഭ്യാസ തത്ത്വശാസ്ത്രത്തെ നിർവചിക്കുന്നതിലും അത് ഊന്നേണ്ട അച്ചുതണ്ട് നിർണയിക്കുന്നതിലും വിദ്യാഭ്യാസ തത്ത്വശാസ്ത്രങ്ങൾ രണ്ടു വീക്ഷണങ്ങളാണ് പുലർത്തുന്നത്. ഒരു വിഭാഗം, വിദ്യാഭ്യാസ പ്രക്രിയയുടെ അച്ചുതണ്ട് പഠിതാവായിരിക്കണമെന്നാണ് (Child-Centered) വാദിക്കുന്നത്. രണ്ടാമത്തെ വിഭാഗം, വിദ്യാഭ്യാസം വിഷയകേന്ദ്രീകൃതമാവണമെന്നാണ് (Subject- Centered) നിർദേശിക്കുന്നത്. ഒന്നാമത്തെ വിഭാഗം Progresseives (പുരോഗമനവാദികൾ) എന്നും രണ്ടാമത്തെ വിഭാഗം Traditionalists അഥവാ Essentialists (പാരമ്പര്യവാദികൾ) എന്നും അറിയപ്പെട്ടു.

അതേസമയം, വിദ്യാഭ്യാസ തത്ത്വശാസ്ത്രത്തിന്റെ ഉള്ളടക്കവുമായി ബന്ധപ്പെട്ടും രണ്ടു ഗ്രൂപ്പുകൾ ഉടലെടുക്കുകയുണ്ടായി. ഓരോ വിഭാഗവും വ്യത്യസ്ത വീക്ഷണങ്ങളും ചിന്തകളും മുന്നോട്ടുവെക്കുകയുണ്ടായി. ഒന്നാമത്തെ വിഭാഗം, തത്ത്വശാസ്ത്രത്തെയും വിദ്യാഭ്യാസത്തെയും പരസ്പരം ബന്ധപ്പെടുത്തി വേണം വിദ്യാഭ്യാസ തത്ത്വശാസ്ത്രം ആവിഷ്കരിക്കാനെന്ന് വാദിച്ചു. പ്രഫ. കിങ്സ്‌ലേ പ്രൈസ് ഇതിന്റെ വക്താവായിരുന്നു. 'വിദ്യാഭ്യാസ തത്ത്വശാസ്ത്രം' എന്ന സാങ്കേതിക സംജ്ഞ നിർണയിക്കാൻ പ്രഥമമായി 'തത്ത്വശാസ്ത്രം', 'വിദ്യാഭ്യാസം' എന്നിവ എന്താണെന്ന് നിർവചിച്ചിരിക്കണം എന്ന് അദ്ദേഹം വാദിച്ചു. 'വിദ്യാഭ്യാസം' ഒരു അക്കാദമിക പ്രവർത്തനമാണ്. വിജ്ഞാനങ്ങളെയും സാംസ്കാരിക മൂല്യങ്ങളെയും ഒരു തലമുറയിൽ നിന്ന് അടുത്ത തലമുറയിലേക്ക് കൈമാറ്റം ചെയ്യുകയാണ് അതിന്റെ ലക്ഷ്യം. 'തത്ത്വശാസ്ത്ര'ത്തിന് രണ്ടു വശങ്ങളുണ്ട്. ഒന്ന്, വിശകലനം. പദങ്ങൾ ഗ്രഹിക്കുക, ചിന്തകൾക്ക് വ്യക്തത വരുത്തുക, ആശയങ്ങൾ സൂക്ഷ്മമായും വ്യക്തമായും ഗ്രഹിക്കുക. രണ്ട്, Metaphysics, Ethics (അതിഭൗതിക ശാസ്ത്രം), Pistemology (ജ്ഞാന ശാസ്ത്രം), Aesthetics (സൗന്ദര്യ ശാസ്ത്രം), Logic (തർക്കശാസ്ത്രം) മുതലായ എല്ലാ മേഖലകളിലെയും നിർണിതമായ സിദ്ധാന്തങ്ങളിലേക്ക് എത്താനുള്ള പ്രവർത്തനം. ഇതിന്റെ വെളിച്ചത്തിൽ കിങ്സ്‌ലേ



വില്യം കിൽപാട്രിക്



തിയോഡോർ ഗ്രീൻ

പ്രൈസ് വിദ്യാഭ്യാസ തത്ത്വശാസ്ത്രത്തെ ഇങ്ങനെ നിർവചിക്കുന്നു: "വിദ്യാഭ്യാസ പ്രക്രിയയെ വിശകലനം ചെയ്ത ശേഷം അതിനെ ഭൗതികാതീത യഥാർഥ്യങ്ങളുമായും മൂല്യങ്ങളുമായും വിജ്ഞാനവുമായും ബന്ധിപ്പിക്കുക". ഭൗതികാതീത യാഥാർഥ്യങ്ങളുമായി ബന്ധിപ്പിക്കുന്നതിലൂടെ നമുക്ക് വിദ്യാഭ്യാസത്തിന്റെ യാഥാർഥ്യങ്ങൾ അനാവൃതമാവുന്നു. മൂല്യങ്ങളുമായി ബന്ധപ്പെടുത്തുന്നതിലൂടെ വിദ്യാഭ്യാസം ഉൾക്കൊള്ളുന്ന ഉപദേശങ്ങളെയും ശിപാർശകളെയും സ്പഷ്ടീകരിക്കുന്നു, ന്യായീകരിക്കുന്നു. ജ്ഞാനസിദ്ധാന്തവുമായി അതിനെ ബന്ധിപ്പിക്കുമ്പോൾ നാം അധ്യയന ആശയത്തിലെത്തുന്നു.

കിങ്സ്‌ലേ പ്രൈസ് എഴുതുന്നു: വിദ്യാഭ്യാസ വിചക്ഷണർ ഉപയോഗിക്കുന്ന മിക്ക സാങ്കേതിക പദങ്ങളും നിഗൂഢങ്ങളും അവ്യക്തങ്ങളുമാണ്. അവയെ പ്രായോഗികതലങ്ങളിലേക്ക് കൊണ്ടുവരിക പ്രയാസമാണ്. അനുഭവ പരിചയം, പങ്കാളിത്തം, പൗരത്വം, കൂറ്, ജനാധിപത്യം മുതലായവ ഉദാഹരണം. അധ്യാപനങ്ങൾക്കിടയിലൂടെ സാക്ഷാത്കരിക്കാൻ മിക്കയാളുകളും ആഗ്രഹിക്കുമെങ്കിലും വിദ്യാഭ്യാസ മേഖലയിൽ പ്രവർത്തിക്കുന്നവർ അവ അവ്യക്തമായാണ് കൈകാര്യം ചെയ്യുന്നത്. വിദ്യാഭ്യാസ തത്ത്വശാസ്ത്രജ്ഞർ വിശകലനം ചെയ്താൽ മാത്രമേ അവ പഠിപ്പിക്കാൻ കഴിയുകയുള്ളൂ.[18] വിദ്യാഭ്യാസവും തത്ത്വശാസ്ത്രവും തമ്മിലെ ബന്ധത്തെ സംബന്ധിച്ച സംവാദത്തിൽ സജീവമായി പങ്കുവഹിച്ചവരാണ് ഹരോൾഡ് എച്ച് ടൈറ്റസ് (തത്ത്വശാസ്ത്രവും ആധുനിക സമൂഹവും), ഒകോനാർ (തത്ത്വശാസ്ത്രത്തിന്റെ പ്രകൃതി), സിഡ്നി ഹോക് (തത്ത്വശാസ്ത്രത്തിന് ഭാവിയുണ്ടോ?) എന്നീ കൃതികളിൽ ഇതു സംബന്ധമായ ചർച്ചകൾ നടന്നു.[19]

മറ്റൊരു ഗ്രൂപ്പ് തത്ത്വശാസ്ത്രത്തെ ചർച്ചിന്റെ ചിന്തക്ക് സമാനായി പരിഗണിച്ചു. തെളിവ് കാണി

ക്കാനില്ലാത്ത അദൃശ്യ കാര്യങ്ങളെയും മൂല്യങ്ങളെയും കുറിച്ചാണല്ലോ ചർച്ചിന്റെ ചർച്ചകൾ മുഴുവൻ. ഇവയെല്ലാം ഓരോരുത്തരുടെയും വ്യക്തിപരമായ നിലപാടുകളുടെയും സ്വത്വവിധികളുടെയും അടിസ്ഥാനത്തിൽ ആപേക്ഷികമായി മനസ്സിലാക്കപ്പെടേണ്ടവയാണ്, ശാസ്ത്രീയ ശൈലികളിലൂടെ പഠിച്ചെടുക്കാൻ കഴിയുന്നവയല്ല. വിദ്യാഭ്യാസ തത്ത്വശാസ്ത്രത്തെ പ്രയോജനമില്ലാത്ത മേഖലകളിലേക്ക് കൊണ്ടുപോകുന്നവരെന്ന് തത്ത്വശാസ്ത്ര ആഭിമുഖ്യമുള്ളവരെ തെറ്റിദ്ധരിച്ച പ്രഫസർ ആൽബർട്ട് ടൈലറും ഈ വീക്ഷണക്കാരനായിരുന്നു. വിദ്യാഭ്യാസ തത്ത്വശാസ്ത്രം ഭൗതികാതീത വിഷയങ്ങളെയും ജ്ഞാന സിദ്ധാന്തത്തെയും മൂല്യവ്യവസ്ഥയെയും കൈകാര്യം ചെയ്യണമെന്നും കൈകാര്യം  ചെയ്യുന്നത് വിശകലനപരമാവണമെന്നും അവർ വാദിക്കുന്നു. പക്ഷേ, തത്ത്വശാസ്ത്രത്തിന് ദൈവത്തെയോ അദൃശ്യകാര്യങ്ങളെയോ പറ്റി പ്രയോജനകരമായ മറുപടി നൽകാൻകഴിയില്ല. ഇത്തരം കാര്യങ്ങൾ വിദ്യാഭ്യാസവുമായി ബന്ധപ്പെടുത്തി കൈകാര്യം ചെയ്യാൻ അതിന് കഴിയുകയേ ഇല്ല. അതേസമയം, ജ്ഞാനസിദ്ധാന്തത്തെ സംബന്ധിച്ച് തത്ത്വശാസ്ത്രത്തിനല്ല, മനഃശാസ്ത്രത്തിനാണ് സംഭാവന നൽകാൻകഴിയുകയെന്ന് ജോൺ ഡ്യൂയി, ബർട്രന്റ് റസ്സൽ, ഫ്ളക്സ് അഡ്‌ലർ അഭിപ്രായപ്പെടുന്നു. മൂല്യങ്ങളെ സംബന്ധിച്ചേടത്തോളം അവ ആപേക്ഷികമാണ്. അവ സാഹചര്യങ്ങളുടെ സന്തതിയാണ്. അവ ശാസ്ത്രീയ മാനദണ്ഡങ്ങൾ കൊണ്ട് അളക്കാൻ കഴിയില്ല. ഇതേക്കുറിച്ച് ടൈലർ എഴുതുന്നു: ‘അദൃശ്യ വിഷയങ്ങളെക്കുറിച്ചോ മൂല്യങ്ങളെക്കുറിച്ചോ ഗവേഷണം നടത്താതിരിക്കുകയും വിദ്യാഭ്യാസ തത്ത്വശാസ്ത്രത്തെ നിരീക്ഷണ-പരീക്ഷണങ്ങൾക്ക് വിധേയമാക്കുകയും തത്ത്വശാസ്ത്രജ്ഞരുടെ തർക്കശാസ്ത്രത്തിന് വിട്ടുകൊടുക്കുകയുമാണ് വേണ്ടത്.[20]

തത്ത്വശാസ്ത്രാഭിമുഖ്യത്തെ വിമർശിച്ചവരിലൊരാളായ എസ്.ഡി ഹാർഡി ‘വിദ്യാഭ്യാസ തത്ത്വശാസ്ത്രത്തിന് തത്ത്വശാസ്ത്രം ദിശ നിർണയിക്കേണ്ടതില്ല എന്ന് അഭിപ്രായപ്പെടുകയുണ്ടായി. കാരണം, മനുഷ്യന്റെ ഉത്ഭവം, പരിണതി, പ്രപഞ്ചോൽപത്തി, ജീവിതത്തിന്റെയും മരണത്തിന്റെയും യാഥാർഥ്യം, ജീവിതത്തിന് ലക്ഷ്യമുണ്ടോ ഇല്ലയോ മുതലായ പൊതു വിഷയങ്ങളാണ് തത്ത്വശാസ്ത്രത്തിന്റെ മേഖല. ആയതിനാൽ, വിദ്യാഭ്യാസ തത്ത്വശാസ്ത്രം രൂപവത്കരിക്കുന്നതിൽ തത്ത്വശാസ്ത്രത്തെ ആശ്രയിക്കേണ്ടത് അനിവാര്യമൊന്നുമല്ല.

അതേസമയം, അതിനു പകരം ഭാഷാ തത്ത്വശാസ്ത്രം, ഗണിതതത്ത്വശാസ്ത്രം, ശാസ്ത്ര തത്ത്വശാസ്ത്രം, ചരിത്ര തത്ത്വശാസ്ത്രം മുതലായവയെപ്പോലെ പാഠ്യപദ്ധതി തത്ത്വശാസ്ത്രമാണ് വേണ്ടത്. ഇത്തരം തത്ത്വശാസ്ത്രങ്ങളെ ശാസ്ത്രീയമായ മാർഗങ്ങളിലൂടെ കൈകാര്യം ചെയ്യാനും ഫലങ്ങൾ നേടിയെടുക്കാനും കഴിയും. ഇത് വിദ്യാഭ്യാസത്തെ മെച്ചപ്പെടുത്തും.[21]

മറ്റു ചിലർ തത്ത്വശാസ്ത്രാഭിമുഖ്യത്തെ വിമർശിച്ചുവെങ്കിലും അതിനു പരിഹാരം നിർദേശിക്കുകയുണ്ടായില്ല. Pro. Evertt J. Kircher ഉദാഹരണം. മാർക്സിസ്റ്റ് തത്ത്വശാസ്ത്രവും അമേരിക്കൻ വിദ്യാഭ്യാസത്തിന്റെ സംഭാവനകളും ഒരുപോലെ പരാജയമായിരുന്നു എന്ന അഭിപ്രായപ്പെട്ട അദ്ദേഹം മറ്റൊരു വിദ്യാഭ്യാസ തത്ത്വശാസ്ത്രം വേണമെന്നല്ലാതെ എന്തായിരിക്കണം അതിന്റെ സ്വഭാവം എന്ന് വിശദീകരിക്കുകയുണ്ടായില്ല.[22] ഈ രംഗത്തെ അനിശ്ചിതത്വത്തിൽ പകച്ചുപോയ അബ്രഹാം എദൽ എഴുതുന്നു: ‘വിദ്യാഭ്യാസ തത്ത്വശാസ്ത്രത്തിന്റെ ലക്ഷ്യങ്ങളും ഉള്ളടക്കവും എന്തായിരിക്കണം? ഈ ചോദ്യത്തിന് ലളിതമായ ഉത്തരമില്ല. മനുഷ്യൻ എന്ന യാഥാർഥ്യത്തെ സംബന്ധിച്ച് ഒരു തത്ത്വശാസ്ത്ര ഫാക്കൽറ്റിയും ഒന്നും സമർപ്പിക്കുന്നില്ല. കാരണം, തത്ത്വശാസ്ത്ര ജ്ഞന്മാരുടെ വശം പ്രകൃതിയെയും ലോകത്തെയും സംബന്ധിച്ച് ഏക ചിത്രമില്ല.[23]

വിദ്യാഭ്യാസ തത്ത്വശാസ്ത്ര രംഗത്തെ പ്രതിസന്ധികൾക്ക് പരിഹാരം എന്ന നിലയിൽ ജോർജ് എസ് കൗണ്ട്സ് അമേരിക്കൻ സമൂഹത്തെ ഉദ്ദേശിച്ച് താഴെ നിർദേശങ്ങൾ മുന്നോട്ടു വെച്ചു.

ഒന്ന്: വിദ്യാഭ്യാസ തത്ത്വശാസ്ത്രം മൗലികമായി തന്നെ അനുഭവ പരിജ്ഞാനത്തിൽ ഊന്നിയതായിരിക്കണം. അതേസമയം, അദൃശ്യ ലോകവുമായി ബന്ധപ്പെട്ട കാര്യങ്ങളെ വിദ്യാഭ്യാസ തത്ത്വശാസ്ത്ര രംഗത്തുനിന്ന് പിന്മാറ്റാവതല്ല. വിദ്യാഭ്യാസം ഭൗതികമാത്രമായാൽ അത് ധ്രുവപ്രദേശത്തെ പോലെ ശീത മാത്രമായി പോവും.

രണ്ട്: വിദ്യാഭ്യാസം നേരിടുന്ന സമസ്ത പ്രശ്നങ്ങളെയും കൈകാര്യം ചെയ്യാനും വ്യക്തിയുടെയും സമൂഹത്തിന്റെയും ആവശ്യങ്ങൾ പരിഹരിക്കാനും ശൈശവത്തിന്റെയും വകതിരിവിന്റെയും ഇടയിലെ സങ്കീർണതകൾ മനസ്സിലാക്കാനും കഴിയുമാറുള്ള സമഗ്ര വീക്ഷണം വിദ്യാഭ്യാസ തത്ത്വശാസ്ത്രത്തിനുണ്ടാവണം. പഠിതാവിന്റെ ശേഷികൾ, സവിശേഷതകൾ, സാമൂഹിക മൂല്യങ്ങൾ, വർഗങ്ങൾ, വിഭാഗങ്ങൾ, ആശയങ്ങൾ, സാമൂഹിക ഉത്തരവാദിത്വങ്ങൾ മുതലായവയെല്ലാം വിദ്യാഭ്യാസ തത്ത്വശാസ്ത്രം പരിഗണിക്കണം. വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ദൗത്യം സംബന്ധിച്ച് ശരിയായ കാഴ്ചപ്പാടുണ്ടാവണം. പഠിതാവ്-അധ്യാപകൻ-പാഠ്യപദ്ധതികൾക്കിടയിൽ ശരിയായ സഹകരണം വേണം. ചുരുക്കത്തിൽ, വിദ്യാഭ്യാസ തത്ത്വശാസ്ത്രം വ്യക്തിയെയും സമൂഹത്തെയും ജീവിതത്തെയും സംബന്ധിച്ച് വിശദമായ ചിത്രം സമർപ്പിച്ചിരിക്കണം.

മൂന്ന്: വിദ്യാഭ്യാസ തത്ത്വശാസ്ത്രം ബലിഷ്ഠവും ഭദ്രവുമായിരിക്കണം. കോൺട്സ് പറയുന്നു: നാം

വിദ്യാഭ്യാസ തത്ത്വശാസ്ത്രത്തെ വൈരുധ്യാത്മക രീതിയിലാണ് കൈകാര്യം ചെയ്യുന്നത്. ജനാധിപത്യ സമൂഹത്തെയാണ് ലക്ഷ്യം വെക്കുന്നതെന്ന് പറയുന്ന നാം ജനാധിപത്യമില്ലാത്ത അന്തരീക്ഷത്തിലാണ് പഠിതാക്കളെ വളർത്തുന്നത്. പഠിതാക്കളിൽ പരസ്പര സഹകരണത്തിന്റെ വികാരം വളർത്തുന്നുവെന്നു പറയുന്ന നാം വിദ്യാലയ വ്യവസ്ഥകളത്രയും പരസ്പര മത്സരത്തിനായി ഉപയോഗിക്കുന്നു.

നാല്: വിദ്യാഭ്യാസ തത്ത്വശാസ്ത്രം പ്രയോഗക്ഷമമായിരിക്കണം. സകല സ്ഥല-കാലങ്ങൾക്കും അനുയോജ്യമായിരിക്കണം. മുൻകാലങ്ങളേക്കാൾ ഇതിന് പ്രാധാന്യമേറും. ദ്രുതവേഗതയിലുള്ള പുരോഗതി ഒരേ രാജ്യത്ത് വിവിധ വർഗങ്ങളും സംസ്കാരങ്ങളും മൂല്യങ്ങളും ചിന്തകളും തമ്മിൽ ഇടകലരുന്ന സാഹചര്യമൊരുക്കിയിരിക്കുന്നു.

അഞ്ച്: വിദ്യാഭ്യാസ തത്ത്വശാസ്ത്രം അതിന്റെ അനുയായികളുടെ ആവശ്യങ്ങൾ നിർവഹിക്കാൻ പ്രാപ്തമായിരിക്കണം. മനുഷ്യന് മാനസികം മാത്രമല്ല, ശാരീരികവുമായ ആവശ്യങ്ങളുമുണ്ട്.[24]

വിദ്യാഭ്യാസ തത്ത്വശാസ്ത്ര രംഗത്തെ ആശയസംഘർഷങ്ങൾ പരിഹരിക്കാൻ ജോർജ് എസ്. കോൺട്സ് മുന്നോട്ട് വെച്ച മാനദണ്ഡങ്ങളാണ് മുകളിൽ നാം വായിച്ചത്. പക്ഷേ, അദ്ദേഹത്തിന് അത് സഫലമാക്കാൻ കഴിഞ്ഞില്ല. അത് കൂടുതൽ ധൈഷണിക സംഘർഷങ്ങൾക്ക് വഴിവെച്ചു. ഇദ്ദേഹത്തിന്റെ എതിരാളികളായ വീക്ഷാഗതിക്കാർ, വിദ്യാഭ്യാസ തത്ത്വശാസ്ത്രത്തിൽ അതിഭൗതിക കാര്യങ്ങളും മൂല്യങ്ങളും ചേർക്കുന്നതിനെ എതിർക്കുന്നവർ, ജോൺ ഡ്യൂയിയുടെയും തൊണ്ടയ്ക്കിന്റെയും ആശയങ്ങളാണവലംബിക്കുകയും തത്ത്വശാസ്ത്രത്തെ സോഷ്യൽ ഡാർവിനിസത്തെ അവലംബിച്ച് അതിഭൗതിക ലോകകാര്യങ്ങളിൽ നിന്ന് അനുഭവ ജീവിതത്തിലേക്ക് ഇറക്കിക്കൊണ്ടുവരണമെന്ന് വാദിക്കുകയും ചെയ്തു. ഇത് 'വിദ്യാഭ്യാസ സാമൂഹിക ശാസ്ത്രം' എന്ന ഒരു ശാഖക്ക് ജന്മം നൽകി. ഭൗതികാതീത കാര്യങ്ങളിലേക്ക് കടന്നുചെല്ലാതെ സമൂഹത്തിലെ അനുഭവ യാഥാർഥ്യങ്ങളെ മാത്രം കണക്കിലെടുക്കുന്ന വിദ്യാഭ്യാസ സിദ്ധാന്തമാണിത്. ഈ വീക്ഷണത്തിന്റെ ഫലമായി വിദ്യാഭ്യാസ തത്ത്വശാസ്ത്രം, സംസ്കാരം, അനുഭവ പരിജ്ഞാനം, സാമൂഹികത, വ്യക്തിത്വം, ആഗ്രഹങ്ങൾ, ചിന്ത, കർമം മുതലായ വിദ്യാഭ്യാസവുമായി നേരിട്ടു ബന്ധമുള്ള വിഷയങ്ങളിൽ മാത്രം പരിമിതമായി.[25] ■

## കുറിപ്പുകൾ


1. إيدجار فوز وزملاؤهُ ، تعلم لتكون، ترجمة : د. حنفي بن عيسى (الجزائر– اليونسكو – الشركة الوطنية للنّشر والتوزيع ١٩٧٦) ص: ٢٧
2. Lawrence A Cremin American Education: The Colonial Experience, 1607-1783 (New York: Harper and Row Publishers, 1970) pp 333-356
3. Richard Van Scotter, Richard J. Kraft and John D. Haas, Foundations of Education (Engle wood Clidds, N.J Prentice- Hall INC 1979, pp 44-44
4. William H Howick, Philosophies of Western Education (Danville: The Interstate Printers and Publishers Ins 1971, pp 61-65)
5. Richard D Van Scotter and others, OP Cit pp 41-45
6. Richard D van Scotter, Op cit, pp 42-45
7. John Dewey, Experiece and Education, 10th ed (Newyork collier Books (1969) P 28
8. John Dewey Experience and Education PP 140-144
9. Joe Park , Selected Readings in the Philosophy of Education, New York: the Macmillian Co 1958 pp 55-141
10. Joe Park (ed) Op. Cit, pp 155-216
11. William H Howick, Philosophies of Western Education pp 30-34
12. Gerge S. Counts, Dare the School Build a new Social Order? (New York: the Jogn Dewey Co 1932) pp 7,8
13. Richard D. Van Scotter, Op Cit P 52
14. Richard D. Van Scotter, op Cit, pp 47,48
15. Richard Van Scotter, op Cit, p 52
16. Joe Park (ed) Op cit, pp 299-392
17. John S. Bruba cher, 'The Calling to philospize About Education' in Modern philosophies and Education, Fifth-fourth year book of the National Society for the study of Education (Chicago University of Chicago Press 1955) pp 4-16
18. Kingsley Price 'Is Philosophy of Education Necessary?' in the Journal of Philosophy, Oct 1955, pp 622-632
19. Christoper J. Lucas what is philosophy of Education, (USA Toronto 1969) pp 21-51
20. Albert J. Taylor. What is Philosophy of Education in Educational Theory (Apr 1963) pp 95-104
21. C.D Hadie, 'The Philosophy of Education in a new Key' in Education theory (Oct 1960) pp 255-261
22. Evertt J. Kricher. 'Philosophy of Education: Dierctive Doctrine of Liberal Dicipline?' in Educational theory (No: 5, Oct 1955), pp 220-229)
23. Abraham Edel, 'What should Be the Aims and Content Revies (No 26, Spring, 1956) pp 119-126
24. George S Counts 'Criteria For Judjing philosophy of Education' in School and Society Vol: 30 (July 1929) pp 103-107
25. Alfred L Hal -Quest. 'Design For Philosophy of Education' in Educational Forum, No. 1 Nov 1936) pp 116-126